പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3402 | | 14.10.2011ൽ മറുപടിയ്ക്ക് |
|---|---|---|
| അംഗൻവാടി ജീവനക്കാർക്കുള്ള പദ്ധതികൾ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | അംഗൻവാടി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. എല്ലാ മാസവും സെക്ടർ തലത്തിൽ ബന്ധപ്പെട്ട സൂപ്പർവൈസർമാരും, പ്രോജക്ട് തലത്തിൽ സി.ഡി.പി.ഒ മാരും അംഗൻവാടി ജീവനക്കാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ മാസവും ജില്ലാതലത്തിൽ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ സി.ഡി.പി.ഒ മാരുടെ അവലോകന യോഗം വിളിച്ചുകൂട്ടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.സിഡിപിഒ മാർ സമർപ്പിക്കുന്ന മന്തിലി പ്രോഗ്രസ് സ്റ്റേറ്റ്മെന്റ് റിപ്പോർട്ട് (എം.പി.ആർ) പരിശോധിച്ച് സംസ്ഥാന കേന്ദ്ര സർക്കാരുകൾക്ക് സമർപ്പിക്കാറുണ്ട്. |
| (ബി) | ഐ.സി.ഡി.എസ്.പദ്ധതികൾ ലക്ഷ്യം കണ്ടെത്തുന്നതിന് അംഗൻവാടി പ്രവർത്തകരുടെ സേവനം അത്യാവശ്യമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) | എങ്കിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയതും തുടങ്ങിവെച്ചതുമായ പദ്ധതികൾ തുടരാൻ നടപടി സ്വീകരിയ്ക്കുമോ ? | (സി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയതും തുടങ്ങിവെച്ചതുമായ പദ്ധതികൾ ഇപ്പോഴും തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ